## 15 -ാം കേരള നിയമസഭ

## 10 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3271** | **15-02-2024 - ൽ മറുപടിയ്ക്ക്**

## കൊല്ലം സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കൊല്ലം സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതിക്കായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ; ഭൂമി ഏറ്റെടുക്കലിന് എത്ര തുക ആവശ്യമായി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; നടപടി ക്രമങ്ങൾ ത്വരിതപ്പെടുത്തി ഭൂമി ഏറ്റെടുക്കൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (എ) | കൊല്ലം നഗര പാത വികസന പദ്ധതിയുടെ നടത്തിപ്പിനായി G.O.(Rt)No.74/2022/PWD dated 22.01.2022 പ്രകാരം 365.34 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 8.341 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് 435,65,03,647/- (നാന്നൂറ്റി മുപ്പത്തി അഞ്ച് കോടി അറുപത്തി അഞ്ച് ലക്ഷത്തി മൂവായിരത്തി അറുന്നൂറ്റി നാൽപത്തി ഏഴ് രൂപ മാത്രം) ഏകദേശ കമ്പോളവിലയും, 50 ലക്ഷം രൂപ കണ്ടിജൻസി ചാർജിനത്തിലും അർത്ഥനാധികാരി ഒടുക്കേണ്ടതാണെന്നും കൊല്ലം നഗരപാത വികസന പദ്ധതിയുടെ ലാന്റ് അക്വിസിഷൻ ഓഫീസറായ സ്പെഷ്യൽ തഹസിൽദാർ എൽ.എ.2, കുണ്ടറ, കൊല്ലം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആയത് പ്രകാരം പദ്ധതിയുടെ തുടർനടപടികൾക്കായി കണ്ടിജൻസി ചാർജായ അമ്പത് ലക്ഷം രൂപ അനുവദിക്കുന്നതിനും ലാന്റ് അക്വിസിഷൻ തുകയായ 435,65,03,647/- (നാന്നൂറ്റി മുപ്പത്തി അഞ്ച് കോടി അറുപത്തി അഞ്ച് ലക്ഷത്തി മൂവായിരത്തി അറുന്നൂറ്റി നാൽപത്തി ഏഴ് രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകുന്നതിനും വേണ്ടി സർക്കാർ നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ